# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5172 — 15-11-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | 2016 ഏപ്രിൽ ഒന്നിന് ശേഷം പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തി കേരളത്തിന് എത്ര കോടി രൂപയുടെ എത്ര കിലോമീറ്റർ റോഡിന് കേന്ദ്രാനുമതി ലഭിച്ചുവെന്ന് അറിയിക്കുമോ; | (എ) | 2016 ഏപ്രിൽ ഒന്നിന് ശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 707.349 കി.മീ.ദൈർഘ്യം വരുന്ന 187 റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 568.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പാർലമെന്റംഗങ്ങളുടെ 'എസ്.എ.ജി.വൈ' പദ്ധതിക്ക് പുറമേയാണോ പി.എം.ജി.എസ്.വൈ.യിൽ നിന്നുള്ള മേൽപ്പറഞ്ഞ റോഡുകൾക്കുള്ള അനുവാദം ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സൻസദ് ആദർശ് ഗ്രാമീൺ യോജന (എസ്.എ.ജി.വൈ.) പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 33 റോഡുകൾ അടക്കമാണ് പി.എം.ജി.എസ്.വൈ.യിൽ റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുള്ളത്. |
| (സി) | ഇവയിൽ എത്ര റോഡുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയെന്നും എത്ര റോഡുകളുടെ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (സി) | അനുമതി ലഭിച്ച 187 റോഡുകൾക്കും ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ വന്നതിനുശേഷം എത്ര റോഡുകളുടെ പ്രവൃത്തികൾക്കുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ വന്നതിന് ശേഷം പി.എം.ജി.എസ്.വൈ.യിൽ 384.40 കി.മീ. ദൈർഘ്യം വരുന്ന 99 റോഡുകളുടെയും നീളം കൂടിയ 2 പാലങ്ങളുടെയും പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.